പഞ്ചായത്ത് എൽ. പി എസ് കരടിക്കുഴി

# സമഗ്ര വിദ്യാലയ വികസനരേഖ



## ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിറൻ ലഘുചരിത്രം

4. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

5. വിദ്യാലയം മികവിറൻ കേന്ദ്രം - കാഴ്ചപ്പാട്

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ ( മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിറ്ററിംഗ്

11. ഉപസംഹാരം

.........................................................................................................................

# അനുബന്ധം

1. വിദ്യാലയത്തിറൻ   സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവ വൈവിധ്യ പാർക്ക് രൂപരേഖ

2. മികവുകൾ, നേട്ടങ്ങൾ ( നടപ്പുവർഷം, മുൻ വർഷങ്ങൾ )

3. കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

4. എസ്.എസ്.എ പദ്ധതിക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ

5. നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

# ആമുഖം

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ നാം മറികടന്നു കൊണ്ടിരിക്കുകയാണ്. ഇക്കാലയളവിൽ നമ്മുടെ കുട്ടികൾ വീടുകളിൽ ഒറ്റപ്പെടുകയും, അവർക്ക് സമപ്രായക്കാരുമായി കൂട്ടുകൂടുന്നതിനും കളികളിൽ ഏർപ്പെടുന്നതിനും കഴിഞ്ഞിട്ടില്ല. ആയതിനാൽ, കൊവിഡ് കാലയളവിൽ ഉണ്ടായ പഠന വിടവുകൾ മറികടക്കുന്നതിന്, പുതിയ അധ്യയന വർഷത്തിൽ നാം ഒട്ടേറെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്.

കുട്ടികളുടെ സമഗ്രവികസനമാണ് അധ്യാപകരും രക്ഷിതാക്കളും ലക്ഷ്യം വെക്കുന്നത്. ഭാഷ, പരിസര പഠനം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതികൾ ഈ സമഗ്ര വികസന രേഖയിൽ കാണാവുന്നതാണ്. എഴുത്ത്, വായന, മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം, ശാരീരികവും മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കുട്ടികൾ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മാസം മുതൽ അടുത്തവർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നത്.



# കരടിക്കുഴി ചരിത്ര ഏടുകളിൽ

പീരുമേട് ഗ്രാമപഞ്ചായത്തിലെ കരടിക്കുഴി എന്ന ഗ്രാമത്തിലാണ് ഈ കൊച്ചു സ്കൂൾ സ്ഥിതിചെയ്യുന്നത്. കരടിക്കുഴി എന്ന പ്രദേശത്ത് ഒരു കാലത്ത് ഘോര വനമായിരുന്നു. കാട്ടാന, കരടി, പുലി, കാട്ടുപോത്ത്, തുടങ്ങിയ വന്യമൃഗങ്ങൾ ഇവിടെ ധാരാളം വസിച്ചിരുന്നു. ജനവാസമില്ലാതിരുന്ന ഈ പ്രദേശം വിദേശികളുടെ ആധിപത്യത്തിൽ വെട്ടിത്തെളിച്ച് തിരുവിതാംകൂർ രാജവംശത്തിന്റെ അനുമതിയോടെ കോട്ടയം- കുമളി റോഡ് രൂപപ്പെടുകയും, വനങ്ങൾ വെട്ടിത്തെളിച്ച് തേയില, ഏലം, കാപ്പി തുടങ്ങിയ നാണ്യ വിളകൾ വെച്ചുപിടിപ്പിക്കുകയും ചെയ്തു. ഈ പ്രദേശത്തിന്റെ താഴ്വാരങ്ങളിൽ " കരടികൾ" കൂട്ടമായി വസിച്ചിരുന്നു. അതിനാൽ ഈ സ്ഥലത്തിന് കരടിക്കുഴി എന്ന നാമധേയമുണ്ടായി.



## അടിസ്ഥാന വിവരങ്ങൾ



1.വിദ്യാലയത്തിന്റെ പേര് : പഞ്ചായത്ത് എൽ പി എസ്. കരടിക്കുഴി

വിലാസം : കരടിക്കുഴി പി. ഒ

കരടിക്കുഴി

55th മൈൽ

685531

ഫോൺ : 04869-

2. സ്കൂൾ കോഡ് : 30418

3. വിദ്യാഭ്യാസ ഉപജില്ല : പീരുമേട്

4. വിദ്യാഭ്യാസ ജില്ല : കട്ടപ്പന

5. റവന്യൂ ജില്ല : ഇടുക്കി

6. ബി.ആർ. സി : പീരുമേട്

7. സി. ആർ. സി : പീരുമേട്

8. ഗ്രാമപഞ്ചായത്ത് : പീരുമേട്

9. ബ്ലോക്ക് പഞ്ചായത്ത്: അഴുത

10. ജില്ലാ പഞ്ചായത്ത് : ഇടുക്കി

11. നിയമസഭാമണ്ഡലം : പീരുമേട്

12. ലോകസഭാ മണ്ഡലം : ഇടുക്കി

13. താലൂക്ക്: പീരുമേട്

14. വില്ലേജ് : മഞ്ചുമല

15. ഇ. മെയിൽ : plpskaradikuzhy@gmail.com

## ലക്ഷ്യങ്ങൾ

1.മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2.അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യ ത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3.എൽ. കെ. ജി. മുതൽ നാലാംക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയ അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4.അദ്ധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

5.ആധുനിക സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തൽ.

6.നാട്ടിൽ ലഭ്യമായ പ്രാദേശിക അറിവുകൾ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ.

7.മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി വിഷയങ്ങളിൽ ഉയർന്ന ശേഷി നേടുക.

8. ജനാധിപത്യ പരിസ്ഥിതിസൗഹൃദ വിദ്യാഭ്യാസം ലഭ്യമാക്കൽ.

9. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.

10. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംപുതിയ തലമുറയിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കുക.

11. പ്ലാസ്റ്റിക് മുക്ത-ലഹരി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

12. പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും നേടുക.

# സ്കൂൾ ചരിത്രം

കരടിക്കുഴി 55 മൈൽ എന്ന സ്ഥലത്ത് ദേശീയ പാതയ്ക്ക് അഭിമുഖമായി വളരെ സുന്ദരമായ ഭൂപ്രകൃതിയോട് കൂടിയ സ്ഥലമാണ്. ഈ സ്കൂളിന്റെ ആസ്ഥാനം പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ എട്ടാം (VIII) വാർഡിൽ പീരുമേട് ബി.ആർ. സിയുടെ ചുമതലയിലുള്ള സ്കൂൾ ആണിത്.

കാട്ടുമൃഗങ്ങൾ ധാരാളം ഉണ്ടായിരുന്നതിനാൽ ഈ താലൂക്കിലെ സ്ഥലങ്ങൾ ബൈസൺവാലി, സ്റ്റാഗ് ബ്രൂക്ക്, പോത്തുപാറ എന്നീ പേരുകളിൽ അറിയപ്പെടുന്നു.

കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യവും ഇല്ലാതിരുന്ന സമയത്ത് ശ്രീ ആലുവിള വേലായുധൻ നൽകിയ ഒരേക്കർ സ്ഥലത്ത് സ്കൂൾ സ്ഥാപിക്കുകയുണ്ടായി.1963 മെയ് 11-ന് അംഗീകാരം കിട്ടി.

1965 ൽ പഞ്ചായത്തിൽ നിന്നും പണികഴിപ്പിച്ച സ്ഥിരം കെട്ടിടത്തിൽ 11 അധ്യാപകരും 400 കുട്ടികളുമായി പുനരാരംഭിച്ച സ്കൂൾ 1986-ലെ ഉരുൾപൊട്ടലിൽ കെട്ടിടങ്ങൾ നിശേഷം തകർന്നു. പ്രകൃതിയുടെ സംഹാര താണ്ഡവം രാത്രിയിലായിരുന്നതിനാൽ ആർക്കും യാതൊരു അപകടവും സംഭവിച്ചില്ല. സ്കൂൾ ചരിത്രത്തിലെ ഒരു അവിസ്മരണീയ സംഭവമാണിത്.

ഇപ്പോൾ പ്രീപ്രൈമറി ഉൾപ്പെടെ കുട്ടികളാണുള്ളത്. ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും എൻജിനീയർ, ഡോക്ടർ, വക്കീൽ, പുരോഹിതർ, സന്യാസിനികൾ എന്നീ നിലകളിൽ എത്തിച്ചേർന്നിട്ടുണ്ട്.

## വിദ്യാലയം - മികവിന് റെ കേന്ദ്രം - കാഴ്ചപ്പാട്

1.പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

2.ഓരോ പഠിതാവിനെയും മികച്ച പ്രതിഭയാക്കി വളർത്താൻ ഉതകുന്ന പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

3.മികവിൽ നിന്നും മികവിലേക്ക് വിദ്യാലയത്തെ വളർത്തുവാൻ ലക്ഷ്യമിട്ടുള്ള അദ്ധ്യാപക രക്ഷാകർതൃ കൂട്ടായ്മകൾ.

4.പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും, പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5.ശുചിത്വം, ദയ തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

6. മികവാർന്ന ശേഷികൾ ഓരോ കുട്ടിയും നേടുന്നുണ്ടെന്ന് ഉറപ്പു വരുത്തൽ.

7. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന് അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കാൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. എസ്.ആർ. ജി യോഗത്തിൽ "**പഞ്ചായത്ത് എൽ.പി.എസ് കരടിക്കുഴി 2030**" എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസന ആവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ **ഭൗതികം - അക്കാദമികം സാമൂഹികം** എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3.കരട് രൂപരേഖ SRG, SMC, MPTA,OSA രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കൽ

4. ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്

5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## <u>നിലവിലെ അവസ്ഥാ വിശകലനം</u>

**എ. ഭൗതികം**:- സ്കൂളിലെ 50 വാർഷികത്തോടനുബന്ധിച്ച് എം.എൽ.എ ഫണ്ടിൽ നിന്നും സ്കൂൾ വാഹനം അനുവദിച്ചിട്ടുണ്ട്. Girls friendly toilet, Boys toilet എന്നിവ S.S.A യിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ആവശ്യമായ ടോയ്‌ലറ്റുകളും, മഴവെള്ള സംഭരണിയും നിലവിലുണ്ട്. ജൈവവൈവിധ്യ പാർക്കിന് ആരംഭം കുറിച്ചിട്ടുണ്ട്.

### <u>ഭൗതികം- പരിമിതികൾ</u>

ഓഫീസ് റൂം, സ്റ്റാഫ് റൂം, ലൈബ്രറി, കമ്പ്യൂട്ടർ റൂം, രണ്ട് ക്ലാസ് മുറികൾ എന്നിവ ആവശ്യമുണ്ട്. ചുറ്റുമതിൽ ഇല്ല. ഓഡിറ്റോറിയം, ഡൈനിങ് ഹാൾ, ഓപ്പൺ എയർ സ്റ്റേജ് എന്നിവ ആവശ്യമാണ്. കുട്ടികൾക്ക് ആവശ്യമായ കളിസ്ഥലം ഇല്ല. ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

### <u>ബി. അക്കാദമികം - നേട്ടങ്ങൾ</u>

എൽ.എസ്.എസ് പരീക്ഷയിൽ കുട്ടികൾ വിജയം നേടിയിട്ടുണ്ട്. മലയാളത്തിളക്കം, പ്രതിഭാ കേന്ദ്രം എന്നീ പ്രവർത്തനങ്ങളിലൂടെ എഴുതാനും വായിക്കാനുമറിയാത്ത കുട്ടികൾക്ക് അതിന് സാധിച്ചിട്ടുണ്ട്. ഒന്നാം ക്ലാസിലെ കുട്ടികൾക്ക് **Hello English** പ്രോഗ്രാമിറൻ നേട്ടം ലഭിച്ചിട്ടുണ്ട്. 1,2 ക്ലാസുകളിൽ ക്ലാസ് ലൈബ്രറികൾ ക്രമീകരിച്ചിട്ടുണ്ട്. 2 Smart Class റൂം കൾ ഉണ്ട്.

### <u>അക്കാദമികം - പരിമിതികൾ</u>

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. എല്ലാ ക്ലാസിലും ലൈബ്രറി ക്രമീകരിക്കണം. കലാ കായിക പരിശീലനത്തിന് ആവശ്യമായ സൗകര്യം ലഭിക്കുന്നില്ല. ഹെഡ്മാസ്റ്ററുടെ ക്ലാസ് കൈകാര്യം ചെയ്യുന്നതിന് ഒരു അദ്ധ്യാപകൻറെ സേവനം ലഭ്യമാകണം.

## 7.മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാ ശേഷി വികസനം<br>ഗണിത ശേഷി വികസനം<br>ഇംഗ്ലീഷ് പഠന –<br>പരിപോഷണം,ശാസ്ത്ര-<br>പരിപോഷണ പരിപാടി,<br>വായനാ പരിപോഷണം,<br>ലൈബ്രറി ശാക്തീകരണം,<br>ലബോറട്ടറി ആധുനിക-<br>വൽക്കരിക്കൽ,<br>പ്രതിഭാ പോഷണ<br>പരിപാടി<br>സാഹിത്യ പോഷണ-<br>പരിപാടി,പഠനയാത്രകൾ<br>കലാകായിക മേള,<br>ഐ. ടി പരിശീലനം,<br>അധ്യാപക ശാക്തീകരണ-<br>പരിപാടികൾ,<br>ക്ലാസ് പിടിഎ -<br>സജീവമാക്കൽ,<br>പ്രവൃത്തി പരിചയ പഠനം,<br>ഒന്നാം ക്ലാസ് ഒന്നാം തരം,<br>എസ്.ആർ. ജി –<br>ശാക്തീകരണം,<br>ശാസ്ത്രാഭിരുചി -<br>വളർത്തൽ,<br>പച്ചക്കറി തോട്ടം,<br>രചനാ ശില്പശാല,<br>മെഡിക്കൽ ക്യാമ്പുകൾ,<br>പോഷകാഹാര പരിപാടി,<br>ഗണിതലാബ്,ഗണിത<br>വിജയം പ്രവർത്തനങ്ങൾ,<br>ഭാഷാ ലാബ്,ബ്ലോഗ്,<br>ടേം മൂല്യനിർണയം,<br>ദിനാചരണം,<br>കായിക പഠനം | ചുറ്റുമതിൽ<br>കളിസ്ഥലം<br>ക്ലാസ്<br>മുറികൾ<br>ഓഫീസ് മുറി<br>സ്റ്റാഫ് റൂം<br>വിശ്രമമുറി<br>കമ്പ്യൂട്ടർ റൂം<br>മൾട്ടിമീഡിയ-<br>റൂം<br>ലൈബ്രറി,<br>ഡൈനിങ് -<br>ഹാൾ<br>അസംബ്ലി<br>ഹാൾ,<br>കുടിവെള്ള-<br>വിതരണം,<br>മാലിന്യ –<br>സംസ്കരണം,<br>ലബോറട്ടറി | പി.ടി.എ<br>ശക്തിപ്പെടുത്തൽ<br>എസ്.എം. സി -<br>കാര്യക്ഷമമാക്കൽ<br>വിദ്യാലയ വികസന<br>സമിതി<br>പൂർവ വിദ്യാർത്ഥി -<br>സംഘടനയുടെ<br>പ്രവർത്തനം<br>എസ്.ആർ.ജി- എൽ.<br>എസ്.ജി ബന്ധം<br>ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ<br>സന്നദ്ധസംഘടനകൾ,<br>വിദ്യാഭ്യാസ<br>പ്രവർത്തകർ,<br>പൂർവ അധ്യാപകർ,<br>സഹകരണ<br>സ്ഥാപനങ്ങൾ<br>വ്യവസായ ഗ്രൂപ്പുകൾ<br>എന്നിവയുടെ സേവനം<br>പ്രയോജനപ്പെടുത്തൽ.<br>ക്ലാസ് പി.ടി.എ<br>മാതൃകാപരം<br>ആകുന്നതിനുള്ള<br>നടപടികൾ,<br>വിദ്യാലയ മികവുകൾ<br>പൊതുസമൂഹവുമായി<br>പങ്കിടൽ,<br>വിദ്യാലയ മികവുകൾ<br>സമൂഹത്തിന് (<br>വിഭവങ്ങൾ )<br>പ്രയോജനപ്പെടുത്തൽ,<br>റിസോഴ്സ് മാപ്പിംഗ്. |